ആലപ്പുഴയിലെ കെ.എസ്.ഡി.പി. കമ്പനിയുടെ പുനഃസംഘടന

123 [448] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കെ.എസ്.ഡി.പി. കമ്പനിയിലെ ജീവനക്കാർക്ക് കഴിഞ്ഞ അഞ്ചു മാസമായി ശമ്പളം നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പനിയെ പുനഃസംഘടിപ്പിക്കുവാൻ ഇ.ആർ.ഡി. സമർപ്പിച്ച ശുപാർശകളുടെ പകർപ്പും അതിൻമേൽ ആസൂത്രണ ബോർഡ് സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങളുടെ പകർപ്പും ലഭ്യമാക്കുമോ;

(സി) 5-10-2002-ലെ 100/02/വ്യവസായം നമ്പർ ജി. ഒ. (എം.എസ്.) ഉത്തരവ് പ്രകാരം പ്രസ്തുത കമ്പനിയെ പുനഃസംഘടിപ്പിക്കുവാനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടംവരെയായെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കമ്പനിക്ക് 2003-04 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ പ്രവർത്തന മൂലധനമായും 25 ലക്ഷം രൂപ സഹായധനമായും നൽകിയിട്ടുണ്ട്.

(ബി) ഇ.ആർ.ഡി. ശുപാർശയുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. † സംസ്ഥാന ആസൂത്രണ ബോർഡ് മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടില്ല.

(സി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഡി.പി. യുടെ ഫോർമുലേഷൻ ഡിവിഷൻ പൊതുമേഖലയിൽ തന്നെ നിലനിർത്താനാണ് തീരുമാനം. ഇത് ആരോഗ്യ വകുപ്പിന്റെ കീഴിലാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. വൈറ്റമിൻ 'എ' ഡിവിഷനിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പുനരുദ്ധാരണമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിലേക്കായി സ്വകാര്യ സംരംഭകരെ ക്ഷണിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly